# മുക്കം ഹൈസ്കൂൾ, മുക്കം



# നിസ്വനം

ലിറ്റിൽ കൈറ്റ്സ് മാഗസിൻ, 2020

# മുഖമൊഴി

മുക്കത്തിന്റെ ചരിത്രത്താളുകളിൽ സുവർണ്ണ ലിപികളാൽ എഴുതിച്ചേർക്കപ്പെട്ട മുക്കം ഹൈസ്കൂൾ 65 ആം വാർഷികാഘോഷത്തിന്റെ നിറവിലാണ് . ഈ ശുഭവേളയിലാണ് നിസ്വനം പിറവിയെടുക്കുന്നത് . അഭിലഷണീയമായ മാറ്റങ്ങളോടെ പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെട്ടു കൊണ്ടിരിക്കുകയാണ് . ഓരോ കുട്ടിക്കും തുല്യവും ഗുണമേന്മയുള്ളതുമായ അനുഭവങ്ങളും അവസരങ്ങളും പ്രദാനം ചെയ്യുന്നു. വൈവിധ്യമായ കഴിവുകളുടെ കലവറകളാണ് കുട്ടികൾ. അവരുടെ സർഗ്ഗ വൈഭവങ്ങൾ പരിപോഷിപ്പിക്കുന്ന പ്രതിഭാശാലകളാണ് വിദ്യാലയങ്ങൾ. പ്രതിഭകൾ മാറ്റുരയ്ക്കുന്ന സർഗ്ഗ വേദികളായി വിദ്യാലയങ്ങൾ മാറുമ്പോഴാണ് വിദ്യാഭ്യാസം പൂർണ്ണത കൈവരിക്കുന്നത് . ഓരോ കുട്ടിയിലും ഉൾച്ചേർന്നിരിക്കുന്ന വിവിധങ്ങളായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക വഴി അവരിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുക എന്നതാണ് നാം ഓരോരുത്തരുടെയും കടമ.

ചിന്തകളുടെയും ആശയങ്ങളുടെയും പുതിയ ആകാശം തേടി പറക്കുന്ന കുരുന്നുകളുടെ കളനിസ്വനങ്ങൾക്ക് നിറം പകരുകയാണ് ഇവിടെ. അവരുടെ ആത്മാവിഷ്കാരങ്ങൾ വാക്കുകളായും വരകളായും വർണ്ണങ്ങളായും ഇതൾ വിരിയുകയാണ് ഈ നിസ്വനത്തിൽ.

നെഞ്ചേറ്റുമെന്ന വിശ്വാസത്തോടെ സഹൃദയ സമക്ഷം സമർപ്പിക്കുന്നു

ലിറ്റിൽ കൈറ്റ്സ്, മുക്കം ഹൈസ്കൂൾ

# താളുകൾ മറിക്കുമ്പോൾ

താക്കോൽ

പാവ

അപരിചിതമായ സൗഹൃദം

സൗഹൃദം

ചങ്ങാതി നീയില്ലാതെ

ചിറകുള്ള മനുഷ്യർ

ചങ്ങാതികൾ

വണ്ടിയും ഞാനും

വരും കാലം

നന്മയുള്ള മനസ്സ്

ആമയും മുയലും

ബാല്യം എന്ന പുണ്യം

വാക്കും പ്രവർത്തിയും

കാലം മറന്നു വച്ച ഓർമ്മകൾ

ആത്മവിശ്വാസം

ഞാൻ വായിച്ച പുസ്തകം

കൊച്ചു കുഞ്ഞിനെ അച്ഛൻ

ഒച്ചമ്മാച്ചൻ

കേരള ചരിത്രം

# താക്കോൽ

പൂട്ടികിടക്കുന്നൊരു പൂട്ടൊന്നു  പൊട്ടിച്ചെറിഞ്ഞിടുവാൻ

ത്രാണിയിലേയാ ധീരന് ? പൂട്ടിന് താക്കോൻ

തപ്പിനടക്കുവാൻ പോലും നേരമില്ലേ?

മസ്വത്തിൻ മുന്നിൽ മാർജാര ബുദ്ധി പ്രവർ

ത്തിക്കുന്നില്ലലങ്കിൽ !

താൻ നടന്നിട്ടും നേരും താക്കോൽ ഉരുണ്ടുവീണോ ?

താൻ മയങ്ങിട്ടും നേരം കളഞ്ഞുപോയോ ?

പൂട്ടൊന്ന് തുറന്നിട്ടു വേണമാ സ്വർണതരിമ്പേറി

ആനന്ദിക്കുവാൻ....

ചിന്തിച്ചു നോക്കു താക്കോൽ എവിടെ ?

ചിന്തിച്ചു കണ്ടെത്തണം ചിന്തയാം താക്കോലിനെ.

അനന്യ ഷിബു . പി

9.B

# പാവ

കൗമാരത്തിന്റെ തിളപ്പിൽ അവൾ പല മോഹങ്ങളും നെയ്തു കൂട്ടി. എന്നാൾ അവയെല്ലാ തടവറയിലാക്കി മാതാപിതാക്കൾ അവളെ പറിച്ചുനാൻ തീരുമാനിച്ചു. ഗ്രാമത്തിലെ പച്ചയായ സൗന്ദര്യം വെടിഞ്ഞ് അവൾ നഗരത്തിലെ ആകാശം മുട്ടുന്ന ഫ്ളാറ്റിലേക്ക് പറന്നിനങ്ങി. ഊമകളായ ഭിത്തികളോട് സംസാരിച്ച് അവൾ തന്റെ നേരം തള്ളിനീക്കി. അയൽവാസികൾ കർണാടകക്കാരായതിനാൽ അവൾ ആ ഫ്ളാറ്റിൽ ഒടുങ്ങി കൂടി. ജോലി തിരക്കു കാരണം ഭർത്താവിനു പോലും അവളോട് മിണ്ടാൻ നേരമില്ലാതെയായി. മനസ്സിലെ പഴയ മോഹങ്ങളെ താലോലിച്ചു കൊണ്ട് അവൾ ആ ഫ്ളാറ്റിൽ ഏകയായി. പൂമ്പാറ്റയ്ക്കും പൂവിനും പുറകെ പായുന്ന തന്റെ മധുരക്കാലം ഓർത്തു കഴിയുന്ന വെറുമൊരു പാവയായി.

Ayana.C
9.B

# അപരിചിതമായ സൗഹൃദം

ആ ഇരുണ്ട നിഴൽ കണ്ട് അവൾ നെട്ടിയുണർന്നു. റൂമിലെ ജനാലകമ്പിയിൽ കൈ പിടിച്ച് അവൾ പുറത്തേക്ക് നോക്കിനിന്നു. അപ്പോഴാണ് കഴിഞ്ഞ നാളുകളിലെ ഓർമ്മ അവളിൽ പിടിമുറക്കിയത്. അന്ന് ആദ്യ ദിവസം കോളേജിൽ ചെല്ലുമ്പോൾ ഭയന്നോണ്ടായിരുന്നു പോയത് കാരണം, സീനിയേസിന്റെ റാഗിംങ് ഉണ്ടാകുമോ എന്ന്. ഉണ്ടെങ്കിൽ തന്നെ അവർ എന്തൊക്കെ ചോദിക്കും ചെയ്യിപ്പിക്കും എന്ന് അറയില്ല. ചേച്ചി പറഞ്ഞ അനുഭവം കേട്ടതുവെച്ച് അവരു ചെയ്യപ്പിക്കുന്നതൊന്നും നമ്മുക്ക് ഇഷ്ടപ്പെടുന്നതോ ഉൾക്കൊള്ളാൻ ആവാത്തതോ ആണ്. എന്നിരുന്നാലും കോളേജിൽ എത്തി പേടിച്ചപോലെ സീനിയേഴ്സ് എല്ലാവരെയും വിളിക്കുന്ന പോലെ എന്നെയും വിളിച്ചു. ഞാൻ ചെന്നു.

ഇടക്കത്തിൽ എന്താ പേര് ? എവിടെയാ സ്ഥലം ? എന്നിങ്ങനെ ചോദ്യങ്ങൾ പിന്നെ എന്നോട് അവിടെ നിന്നും ഡാൻസ് ചെയ്യാൻ ആവശ്യപ്പെട്ടു. പേടിച്ച് പേടിച്ച് നിന്ന് ഞാൻ ഒടുവിൽ കരയാൻ തുടങ്ങി. അപ്പോഴാണ് ദൈവദൂതനെ പോലെ സീനിയർ തന്നെയായ ഒരു ചേട്ടൻ വന്ന് അവരെ എല്ലാവരെയും അവിടെ നിന്നു മാറ്റി. എന്നിട്ട് പറഞ്ഞു ഇതൊന്നും കാര്യമാക്കേണ്ട ഇതൊക്കെ ഇവിടെ പതിവാണ് വഴിയെ മനസ്സിലാകും. അങ്ങനെ എന്റെ ക്ലാസ്സിൽ കൊണ്ടു വിട്ടിട്ട് അയാൾ പോയി. അങ്ങനെ അങ്ങനെ ചേട്ടനെ കാണലും സംസാരിക്കലും പതിവായി. അനൊരു സൗഹൃദമായി വളർന്നു. കോളേജ് കാമ്പസും സീനിയേർസും പരിചിതമായി ഒരു വീടും വിട്ട് കാര്യമായി തീർന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം ആ വർഷത്തെ സ്പോർട്സിന്റെ അന്ന് ഗ്രൗണ്ടിൽ നിന്നുകൊണ്ടിരിക്കുമ്പോൾ ഞാൻ തലക്കറങ്ങി വീണു. വെയിലത്ത് നിന്നതിനാൽ ആണ് എന്ന് കരുതി കൂട്ടുക്കാർ എന്നിക്ക് വെള്ളം തന്നു. അത് കഴിഞ്ഞ് മയക്കത്തിൽ നിന്നുണർന്ന ഞാൻ അവിടെ തണലത്ത് ഇരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ എന്റെ മൂക്കിലൂടെ രക്തം

ഒഴുകാൻ തുടങ്ങി. ഉടനെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. അന്ന് അവിടെ ആശുപത്രി ചിലവ് എല്ലാം വഹിച്ചത് ആ ചേട്ടന് ആയിരുന്നു. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ആയ ഞാൻ പിന്നെ ആണ് അറിഞ്ഞത് എന്നിക്ക് കിഡ്നി ഫെലിയർ ആയിരുന്നു എന്ന്. പക്ഷെ എന്നിക്ക് 2 വൃക്കയും ഉണ്ട് എന്നുള്ള സത്യം എന്നെ അത്ഭുദപ്പെടുത്തി. അങ്ങനെ സംശയം വന്നപ്പോൾ ഞാൻ അമ്മയോട് ചോദിച്ചു. അമ്മ എന്നിക്ക് വൃക്ക തന്ന ആ വ്യക്തി ആരാണെന്ന് അമ്മ പറഞ്ഞു ആ മകന്റെ പേര് എന്നോട് പറഞ്ഞില്ല ആശുപത്രിയിലും നൽകിയിട്ടില്ലാ എന്നാ തോന്നുന്നത് ഉണ്ടെങ്കിൽ തന്നെ അത് യാഥാർസ്ഥമല്ലായിരിക്കാം. അത് പക്ഷെ നിന്റെ കോളേജിൽ ഉള്ള ഒരു കുട്ടിയായിരുന്നു. നിന്റെ ശസ്ത്രക്രിയ കഴിഞ്ഞപ്പോൾ ബോധം വന്നു എന്നറിഞ്ഞ ശേഷം ICU വിനു പുറത്തു നിന്ന് നിന്നെ കണ്ട ശേഷം അവൻ പോയി. ഓപ്പറേഷനും മറ്റും ആയതിനാൽ ഒരു വർഷം എന്റെ കോഴ്സ് മുടങ്ങി. എന്നാൽ ഞാൻ എത്ര അന്വേഷിച്ചിട്ടും ആ വ്യക്തിയെ കണ്ടെത്താൻ കഴിഞ്ഞില്ല. ഞാൻ ചിന്തിച്ചു. എന്നെ രക്ഷിച്ചത് ആ

ചേട്ടൻ ആണ് എന്ന് അന്ന് എനോട് പറഞ്ഞ പേര് വരുൺ എന്നായിരുന്നു. എന്നാൽ ഞാൻ കോളേജിൽ അന്വേഷിച്ചപ്പോൾ കംപ്യൂട്ടർ സയൻസ് ബ്ലോക്കിൽ കഴിഞ്ഞ വർഷം അങ്ങനെ വിദ്യാർഥി ഇല്ലായിരുന്നു എന്നാണ് ഞാൻ അറിഞ്ഞത്. പലവട്ടം അന്വേഷിച്ചിട്ടും എന്റെ രക്ഷനെ എനിക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അങ്ങനെ തുടർന്നു പഠിക്കാൻ കോളേജിൽ എത്തിയ ഞാൻ ഗേറ്റ് കടന്നു നടക്കുമ്പോൾ പിന്നിൽ ആരോ വരുമ്പോലെ തോന്നി ആ ഇരുണ്ട നിഴൽ കണ്ട് ഞാൻ തിരിഞ്ഞുനോക്കി.

Anjana.A.P
9.B

# സൗഹൃദം

ജീവിതത്തിന്റെ ദു:ഖങ്ങളിൽ എന്നെ തളർത്താതെ നീ
എൻ അരികിൽ വന്നു.
താങ്ങായ്, തണലായി മായത്ത ഓർമകളായി വന്നു നീ
എന്നിൽ എന്റെ ദു:ഖങ്ങൾ നിന്റേതാക്കി.
നിന്റെ സന്തോഷം എന്റേതാക്കി സൗഹൃദമേ ... നീ
എൻ ഹൃദയത്തിൽ കൊട്ടാരം തീർത്തു. എന്നോ... നി
എൻ ജീവന്റെ പകുതിയായി.
സൗഹൃദമേ നി എൻ ജീവന് വെളിച്ചമേക്കി.

വൃന്ദ ഹരിദാസ്
9.B

# ചങ്ങാതി

വഴിയിൽ വെച്ചുകിട്ടിയ നിന്നെ ഞാൻ എന്റെ
പ്രാണനാക്കി മാറ്റി.
എന്റെ വികാരങ്ങളും വിചാരങ്ങളും
ഞാൻ നിന്നോടായി പങ്കുവെച്ചു.
കനത്ത തിരശ്ശീലകൾക്കും
പൊങ്ങി നിന്ന മതിൽക്കെട്ടുകൾക്കും
പുറത്തുനിന്നു വന്ന വാക്കുകൾക്കും
നിറന്ന എന്നിൽ നിന്നും അകറ്റാൻ കഴിഞ്ഞില്ല.
അന്നരം ഒരു അത്മബന്ധം വിച്ഛേദിക്കാൻ
കഴിയാന്ന ചങ്ങലയിൽ എൻ ഹൃദയം
ഒരു കണ്ണിയായി മാറി. നിന്റെ
വാക്കുകളാൽ ഞാൻ ആശ്വാസം കണ്ടെത്തി
കാന്തം പോലെ എന്നെ ആകർഷിക്കുന്ന
ആ ചങ്ങലയ്ക്ക് ഞാൻ ഒരു പേരിട്ടു സൗഹൃദം.

Anjana A.P
9.B

# നീയില്ലാതെ

എവിടെയോ വഴിത്താരയിലെവിടെയോ
നീർമിഴികൾ മൗനത്തിലാഴവേ
ഓർക്കുന്നു. ഞാനെന്റെ പൂർവ്വവിദ്യാലയം
വിടപറയലിന്റെ യാമങ്ങളിൽ കാലം
എന്നിക്കായ് നെയ്തെടുത്ത സൗഹൃദങ്ങളും
ആ മാർച്ചിനൊപ്പം വിടചൊല്ലി
ഇന്നി ഏകാന്തതയിൽ പുസ്തകകെട്ടായി
മല്ലിടുമ്പോഴും ഓർക്കുന്നു. ഞാനാ വിദ്യാലയം
മനസ്സ് പുസ്തകങ്ങൾക്കുള്ളിൽ
ദൃഢമായ് ഒളിപ്പിക്കുവാനായ് ഇന്നു ഞാൻ
പഠിപ്പിച്ചു;കാലം പലപ്പോഴും കൺമുൻപിൽ
കരിയിലത്തുമ്പുപോൽ പൊടിഞ്ഞപ്പോഴും
കാലത്തിൽ കുത്തൊഴുക്കിലകപ്പെട്ടു
ഞാനും എങ്ങോട്ടുന്നില്ലാതെ ഒഴുകി
ദു;ഖത്തിൽ നടമറയിൽ വിശ്രമിക്കു
മെൻ ആത്മാവ് ആഗാധമായൊരാനന്ദം.

മേഘ.എം
9.B

# ചിറകുള്ള മനുഷ്യർ

ഉമ്മറത്തിണ്ണയിൽ കാറ്റിലാടുന്നൊരാ

കൂട്ടിലൊരു ഹൃദയമുണ്ടായിരുന്നു.

പറന്നങ്ങു പോകാനൊരാകാശവും

താഴെ ഭൂമിയും നിഴലുമുണ്ടായിരുന്നു.

ഇരുമ്പഴിക്കുള്ളിൽ നീപൂട്ടിയ നേരത്തിൽ

കണ്ടു ഞാൻ നിന്നുടെ കണ്ണുകളിൽ

വിജയത്തിനാഹ്ലാദ പുഞ്ചിരിപ്പൊലിമയത്

ബന്ധനം; വിജയത്തിൽ മറ്റൊരു പദം.

കൂട്ടിലാടുമ്പോഴുമാകാശ വീഥിയിൽ

പാറിപ്പറന്നു ഞാൻ ചിറകുകളുമായ്

ബന്ധനം തീർത്തതാണെങ്കിലും നീളുന്നു

ചിന്തകൾ മൗനമായി എൻ വഴിയെ.

ഓർക്കുക മൗനവാ, ഉമ്മറത്തിണ്ണയിൽ കാറ്റി-

ലാടൊന്നൊരാ കൂട്ടിലുള്ള ചിറകുള്ള മനുഷ്യ-

നുണ്ട്.സ്വപ്നം വിഴുങ്ങി മരിക്കുന്ന ജീവിത ചിറകുള്ള

മനുഷ്യനുണ്ട്.

ശ്രീനിധി കെ.ടി

9.B

# ചാങ്ങാതികൾ

ചിലരുണ്ട്,

ഇരുട്ടും പ്രകാശവും പോലെ
കണ്ടുമുട്ടില്ലെന്നറിഞ്ഞിട്ടും
സൗഹൃദത്തെ മുറുകെ
പിടിക്കുന്നവർ.

നിധി.കെ
8.A

# ഇല

അവൾ,

ശൈശവം വളരെ തരളിതമായിരുന്നു
മറ്റുള്ളവർക്കു വേണ്ടി അവൾ
അന്നേ പാചകത്തിലേർപ്പെട്ടു.

ബാല്യം തൊട്ട് കൗമാരം വരെ
ആരോഗ്യവതിയായ അവൾ പച്ചപിടിച്ചുവന്നു.

പ്രായപൂർത്തിയായ അവളിലെ
മഞ്ഞയിൽ പതിയെ കറുപ്പ് പടരുവാൻ
തുടങ്ങിയിരുന്നു.

വാർധക്യത്തിൽ, ആർക്കുവേണ്ടാത്ത കരിയില
എന്നാക്ഷേപിച്ച് മരം അവളെ താഴേക്കിട്ടു.

നിധി .കെ
8.A

# വണ്ടിയും ഞാനും

യുവത്വമായിരുന്നു എന്നിക്കെങ്കിൽ
ഞാൻ നിറന്ന എന്റെ കയ്യിലെടുത്തോന്നെ
നിന്റെ സിരകളിലൂടെ ഒഴുകുന്ന രക്തം
എന്നെ ഹരം കൊള്ളിച്ചു.
അടങ്ങാത്ത കാളയെപ്പോലെ നിന്നോടുള്ള
പ്രണയവും എന്നിലടങ്ങുന്നില്ല. നീ
എനിക്ക് വെറുമൊരു ആരാധനയല്ല
മറിച്ചെന്റെ ജീവനാണ്. മഞ്ഞിൽ
താഴ്വരകളിലൂടെയും കുന്നിൻ ചരവുകളിലൂടെയും
നിന്നൊടൊപ്പം ഞാൻ പറക്കും.
മഞ്ഞുപെയ്യുന്ന രാത്രിയിൽ നിന്നേയുമെടുത്ത്
ഞാൻ ലോകം ചുറ്റും.
അതിനായി ഞാൻ കാത്തിരിക്കുന്നു
എവിടെ വച്ചെങ്കിലും കണ്ടുമുട്ടുമെന്ന പ്രതീക്ഷയോടെ
ഞാനും വണ്ടിയും.

അവന്തിക .K
9.B

# വരും കാലം

സേതുവിന്റെയും അവന്റെ ഒരേ ഒരു പെങ്ങൾ മാളുവിന്റെയും കഥയാണിത്. ചന്ദ്രഗിരിയിലെ ഒരു പാവപ്പെട്ട കുടുംബത്തിലായിരുന്നു ഇവർ ജനിച്ചത്. സേതുവിന് 12 വയസ്സുള്ളപ്പോഴാണ് മാളു ഉണ്ടായത്. മാളു ജനിച്ചതോടെ അവരുടെ അമ്മ മരിച്ചു. പിന്നെ അവളെ നോക്കിയത് അവളുടെ ചേട്ടനും അച്ഛനുമാണ്. അച്ഛന് മരമില്ലിൽ തടി കേറ്റുന്ന പണിയാണ്. അമ്മയില്ലെന്ന കുറവ് അവളെ അറിയിക്കാതെ പൊന്നു പോലെയാണ് അവളെ അവളുടെ ഏട്ടൻ നോക്കിയത്. സേതു ഏഴാം ക്ലാസ്സിലാണ് പഠിക്കുന്നത്. സ്കൂളിൽ പോകുമ്പോൾ മുത്തശ്ശീടടുത്ത് മാളൂനെ ആക്കിയാണ് പോവുക. അന്ന് മാളൂന് 6 വയസ്സ് പ്രായമേയുള്ളൂ. എല്ലാ ദിവസത്തേയും പോലെ വൈകുന്നേരം സേതു സ്കൂള് വിട്ട് വീട്ടിൽ മാളുവിനെ മുത്തശ്ശീടടുത്ത് നിന്ന് കൂട്ടി വീട്ടിൽ വന്നു. കുറച്ച് കഴിഞ്ഞപ്പോ അച്ഛൻ വന്നു. ആ വീട്ടിലെ ആകെ വരുമാനം അച്ഛൻ തടിക്കേറ്റി കൊണ്ടുവരുന്ന കാശാണ്. അന്ന് വൈകുന്നേരം അച്ഛൻ വന്നപ്പോ കുറെ കാശുമായാണ് വന്നത്. അച്ഛൻ

സേതുവിനോട് പറഞ്ഞു നീ വേഗം പലചരക്ക് കട അടക്കുന്നതിന് മുമ്പ് സാധനങ്ങൾ വാങ്ങിവരാൻ അച്ഛൻ കൊടുത്ത കാശുമായ് സേതു സാധനങ്ങൾ വാങ്ങി വീട്ടിൽ തിരിച്ചെത്തി. എന്താണെന്നറിയില്ല. വീട്ടിൽ നല്ല ആൾക്കൂട്ടം സേതു കൈലെ സഞ്ചിയും പൊക്കിപ്പിടിച്ച് ഓടിവന്നു. അച്ഛനെ കാണുന്നില്ല. മാളു അവിടെ ഇരുന്ന് കരയുകയാണ്. സേതു ചോദിച്ചു എന്തിനാ മോളേ നീ കരയുന്നത്. അച്ഛനെവിടെ അവൾ ഒന്നും മിണ്ടാതെ കരഞ്ഞു കൊണ്ടെയിരുന്നു. സേതു കാര്യം തിരക്കിയപ്പോഴാണറിഞ്ഞത് മാളുവിനെ മുത്തശ്ശിയുടെ അടുത്താക്കി അച്ഛൻ തടികയറ്റാൻ പോയപ്പോ തടി ഉറുണ്ട് വീണ് അച്ഛൻ മരിച്ചെന്ന്. അവൻ അകത്തേക്കോടി അകത്ത് മരിച്ചു കിടക്കുന്ന അച്ഛന്റെ കാലിൽ വീണവൻ കരഞ്ഞു ഇനി എന്ത് ചെയ്യണമെന്നറിയ്യില്ല. ആകെ ഉള്ള വരുമാനം നിന്നു. കുഞ്ഞു പെങ്ങളെ എങ്ങനെ നോക്കും. അവനാകെ പേടിയായി.

കുറച്ച് വർഷങ്ങൾക്ക് ശേഷം.....മാളു പത്താം ക്ലാസിൽ പഠിക്കുകയാണ് സേതു അവളെ നല്ല തോതിൽ തന്നെ വളർത്തി വലുതാക്കി. അന്നെല്ലാം

എന്ത് പണി ചെയ്യാനുണ്ടോ അതെല്ലാം ചെയ്താണ് അവർ പട്ടിണി മാറ്റിയിരുന്നത്. മാളിവിനെ പഠിപ്പിച്ച് നല്ല ജോലി കിട്ടണമെന്നാണ് സേതുവിന്റെ ആഗ്രഹം സേതു അതിന് വേണ്ടി രാപ്പകലില്ലാതെ കഷ്ട്ടപ്പെട്ടു. ഒരു കുറവ് പോലു അവളെ അറീച്ചില്ല. എന്ത് കാര്യം അവളാവശ്യപെട്ടാലും അവനത് നടത്തി കൊടുക്കുമായിരുന്നു. പക്ഷെ ഏട്ടന്റെ ബുന്ധിമുട്ടവൾ ക്കറിയാമായിരുന്നു. മാളു നല്ല വണ്ണം പഠിക്കും. ഏട്ടനൊട് വളരെ അധികം സ്നേഹമാണവൾക്ക്, ഒരു ദിവസം മാളു ഒറ്റക്കാണ്. വീട്ടിൽ ഏട്ടൻ വരുന്നത് കാണുന്നില്ല. അവൾക്ക് പേടിയായി തുടങ്ങി. അവളുടെ മനസ്സിൽ ഏട്ടന് വല്ല അപായവും സംഭവിച്ചോ എന്ന് വരെ തോന്നി തുടങ്ങി. അവൾ മുത്തശ്ശിയുടെ വീട്ടിലെക്കോടി. അപ്പോഴാണോർത്തത് മുത്തശ്ശി അവിടെ ഇല്ല അവരുടെ മകന്റെ വീട്ടിലാണെന്നത്. തിരിച്ച് വീട്ടിലെത്തിയപ്പോൾ ഏട്ടനതാ വീട്ടിൽ വന്നു. സന്ധ്യയ്ക്ക് എവിടെയാണ് പോയതെന്ന് പറഞ്ഞ് അവളെ ഏട്ടൻ വഴക്ക് പറഞ്ഞു. മാളുവിന് സങ്കടമായ് അവൾ ഒന്നും മിണ്ടാതെ അകത്തെക്ക് പോയി. സേതുവിന് മാളു സങ്കടപെട്ടത് സഹിക്കാൻ

കഴിയാത്തത് കൊണ്ട് അവൻ പറഞ്ഞു. മോളേ നീ സങ്കടപ്പെടാൻ പറഞ്ഞതല്ല. നീ പ്രായപൂർത്തിയായ പെൺകുട്ടിയാണ്. ഇക്കാലത്ത് ഇക്കാലത്ത് പകലെങ്കിലും പുറത്തിറങ്ങി നടക്കാം. പക്ഷെ ഇനി വരും കാലം പെൺകുട്ടികൾക്ക് വിശ്വാസത്തോടെ വീട്ടിൽ പോലും ഇരിക്കാൻ പറ്റിയെന്ന് വരില്ല. അത് കൊണ്ട് നിന്നെ ഒന്ന് ഓർമ്മപെടുത്തിയെന്നേ ഉള്ളു.

അമിത്ര.സി
8.A

# നന്മയുള്ള മനസ്സ്

ഒരു കാട്ടിൽ നിറയെ പഴങ്ങളുള്ള ഒരു മരം ഉണ്ടായിരുന്നു. അതിൽ പലതരത്തിലുള്ള പക്ഷികളും പഴങ്ങൾ ഭക്ഷിക്കാൻ വരുമായിരുന്നു. ഒരു ദിവസം പതിവുപോലെ പല പക്ഷികളും അവിടെയെത്തി. ഒരു തത്ത കൊമ്പിലിരുന്ന് പഴങ്ങൾ ഭക്ഷിക്കുമ്പോൾ ഒരു കാക്കവന്ന് ആ കൊമ്പിലിരുന്നു. സുന്ദരിയായ തത്തയ്ക്ക് അത് ഇഷ്ടപ്പെട്ടില്ല. കാരണം കറുത്തിട്ടാണല്ലോ. അവൾ വെറുപ്പോടെ കാക്കയെ നോക്കി. കാക്ക പഴങ്ങൾ ഭക്ഷിക്കുന്നതിനിടെ തത്തയോട് "ഹായ്" പറഞ്ഞു. തത്ത കാക്കയിൽ നിന്ന് വിട്ട് പുറകോട്ട് നീങ്ങി നിന്ന് പറഞ്ഞു. " നീ എന്ത് വൃത്തിയില്ലാത്തവളാണ്. ഒരു കറുപ്പ് നിറം." "നോക്ക് ഞാൻ എന്തൊരു സുന്ദരിയാണെന്ന്. നിനക്ക് എങ്ങനെ ധൈര്യം വന്നു എന്റെ മുൻപിലിരിക്കാൻ.

പോയ്ക്കോ ഇവിടെ നിന്ന്.” കാക്ക ഒന്നും മിണ്ടാതെ നിന്നു. പെട്ടന്ന് തത്ത ഭക്ഷിക്കുന്നിടെ താഴേക്ക് വീഴാൻ പോയി. കാക്ക വേഗം പറന്ന് അവളെ രക്ഷിച്ച് ആ കൊമ്പിലേക്ക് തന്നെ എത്തിച്ചു. തത്ത " അയ്യേ നീ എന്തിനാണ് എന്നെ പിടിച്ചത്.” ഇത് കേട്ട് മറ്റ് പക്ഷികൾ പറഞ്ഞു " അവൾ നിന്നെ പിടിച്ചില്ലെങ്കിൽ കാണാമായിരുന്നു.” “നീ ആ താഴെയുള്ള പാറക്കൂട്ടത്തിൽ വീണ് ചത്തു പോയേന്നെ" തത്ത കാക്കയോട് നന്ദിയും ക്ഷമയും പറഞ്ഞു. “ഞാൻ നിന്നെ കുറേ കളിയാക്കി. എന്നോട് ക്ഷമിക്കില്ലേ.” തത്ത ചോദിച്ചു. കാക്കയുടെ നല്ല മനസ്സാൽ അവൾ ചിരിച്ചുകൊണ്ട് "അത് സാരമില്ല.” എന്ന് പറഞ്ഞു. അങ്ങനെ അവർ കൂട്ടുകാരായി. അതോടൊപ്പം എല്ലാ ദിവസവും അവർ ഒരുമിച്ച് ആ മരത്തിൽ നിന്ന് പഴങ്ങൾ ഭക്ഷിക്കാൻ തുടങ്ങി.

**നല്ല നിറത്തിലൊന്നും ഒരു കാര്യവുമില്ല. നന്മയുള്ള മനസ്സിലാണ് കാര്യം.**

ലതുനന്ദ .S.D

8.A

# ആമയും മുയലും

മുയൽ നല്ലൊരു ഓട്ടക്കാരനായിരുന്നു. ആരെയും അവൻ ഓടി തോൽപ്പിക്കുമായിരുന്നു. സ്വന്തം വേഗതയിൽ അവൻ ഏറെ അഭിമാനിച്ചു. അഹങ്കരിക്കുകയും ചെയ്തു. അവനുമായി മത്സരിക്കാൻ അവൻ പതിവായി മറ്റ് മൃഗങ്ങളെ വെല്ലുവിളിച്ചു. മുയലുമായി മത്സരിച്ചാൽ തങ്ങൾ തോൽക്കും എന്ന് മറ്റു മൃഗങ്ങൾക്കറിയാമായിരുന്നു. അതിനാൽ അവനെ കാണുമ്പോൾ അവന്റെ വെല്ലുവിളി സ്വീകരിക്കാതെ മറ്റു മൃഗങ്ങൾ ഒഴിഞ്ഞു മാറും. അപ്പോൾ അവൻ ഉച്ചത്തിൽ പറയും. " എന്നെ തോൽപ്പിക്കാൻ ധൈര്യമുള്ളവർ ആരുണ്ടെടാ ?" ആരു വരുന്നില്ലെങ്കിൽ അവൻ പൊട്ടിച്ചിരിക്കും. പിന്നിട് നൃത്തം കളിക്കും.

ഒരിക്കൽ അവൻ വെല്ലുവിളിച്ചപ്പോൾ ഒരു തളർന്ന ശബ്ദം അവന്റെ ചെവിയിൽ മുഴങ്ങി. "ഞാൻ മത്സരത്തിന് തയ്യാർ." മുയൽ ചുറ്റും നോക്കി.

ആരെയും കാണുന്നില്ല. വീണ്ടും ആ ശബ്ദം തന്നെ തുടർന്നു. “ഞാൻ മത്സരത്തിനു തയ്യാർ.” ആ ശബ്ദമുണ്ടാക്കിയത് കുറ്റിക്കാട്ടിൽ ഇരുന്ന് ആമയായിരുന്നു. ആമയെ കണ്ട് മുയൽ ചോദിച്ചു. “ വളരെ ചെറിയ കാലുകളുള്ള നീയോ?” “അതെ ഞാൻ തന്നെ. എന്റെ ചെറിയകാലുകൾ കൊണ്ടാണ് ഞാൻ എല്ലായിടത്തും പോകുന്നത്. ഓടാനും ഈ കാലുകൾ ധാരാളം.” ആമ പറഞ്ഞു. അതുകേട്ട് മുയൽ പൊട്ടിച്ചിരിച്ചു. “കളിയാക്കണ്ട, വാ മത്സരിക്കാം.” ആമ പറഞ്ഞു. മത്സരം ആരംഭിച്ചു. വേഗക്കാരൻ മുയൽ കുതിച്ചു പാഞ്ഞു. ആമ സാവധാനം ഇഴഞ്ഞു. വള്ളരെ വേഗം ഓടിയതുകൊണ്ട് മുയൽ ക്ഷീണിച്ചു. കാലിന്റെ ബലം കുറഞ്ഞു. അൽപ്പം പോലും ഓടാൻ കഴിയാതെ മുയൽ തളർന്നു നിന്നു. അവൻ തിരിഞ്ഞു നോക്കി. ആമയെ കാണാനേയില്ല. അതുകൊണ്ട് അൽപ്പം വിശ്രമിക്കാം. മുയൽ വിചാരിച്ചു. അവൻ വഴിയരകിൽ കണ്ട ഒരു പാറയിൽ ചാരിയിരുന്ന് വിശ്രമിച്ചു. ക്ഷീണവും തളർച്ചയും മൂലം മുയൽ പെട്ടെന്ന് ഉറങ്ങിപ്പോയി.

ആമ ഇഴഞ്ഞിഴഞ്ഞ് അവന്റെ അടുത്തെത്തി. മുയൽ ഉറങ്ങുകയാണ്. ആമ ശബ്ദമുണ്ടാക്കാതെ ഇഴഞ്ഞിഴഞ്ഞ് മുന്നോട്ട് പോയി. വളരെ നേരം കഴിഞ്ഞ് മുയൽ ഉണർന്നു. അവൻ മുന്നോട്ടും പിന്നോട്ടും നോക്കി. ആമയെ എങ്ങും കണ്ടില്ല. “കുഞ്ഞുകാലുള്ളവൻ എങ്ങനെ വരാനാ ?” എന്നും വിചാരിച്ച് മുയൽ വീണ്ടും ഓട്ടമാരഭിച്ചു. മുയൽ ഫിനിഷിങ് പോയന്റിൽ എത്തിയപ്പോൾ ആമ അവിടെ നിൽക്കുന്നുണ്ടായിരുന്നു. ആമ വിജയശ്രീലാളിധനായി നിൽക്കുന്നു. അടുത്തു വന്ന മുയലിനോട് ആമ പറഞ്ഞു. “വേഗതയും വലിയ കാലുകളുമുണ്ടായിട്ടും നീ തോറ്റു. ചെറിയ കാലുള്ള ഞാൻ ജയിച്ചു. എന്റെ ശക്തിയിൽ ഞാൻ വിശ്വാസിച്ചു. നിന്റെ ശക്തിയിൽ നീ അഹങ്കാരിച്ചു.” മുയൽ നാണിച്ച് തല താഴ്ത്തി കുറ്റിക്കാട്ടിലേക്ക് കേറിപ്പോയി.

# ബാല്യം

മനസ്സിൽ നൈർമല്യമേകും
കാലത്തിൽ ഓർമ്മകൾ
ഹൃദയത്തിൽ വന്നു പതിക്കുമ്പോൾ
തേങ്ങുന്ന കണ്ണുകൾ വിതുമ്പുന്ന
ചുണ്ടുകൾ ബാല്യമെ നീ അകലുമ്പോൾ
ഇന്നെൻ ഹൃദയം പൊട്ടുന്നു.
തിരിച്ചു കിട്ടില്ലെന്നറിഞ്ഞിട്ടും എന്തിനെൻ
കണ്ണുകൾ നിന്നെ ആകർഷിക്കുന്നു.
മറക്കില്ല ബാല്യമെ നീ
തന്ന നല്ലൊരു ഓർമ്മകൾ
മറയാതെ നീ എന്നും എന്നിലുണ്ട്.

അർച്ചന സി.ടി
9.B

# അമ്മ എന്ന പുണ്യം

അമ്മ ലോകത്തിലെ ഏറ്റവും പവിത്രമായ വാക്ക്. അമ്മ സഹോദരിയാണ്, സ്ത്രീയാണ്, കുടുംബിനിയാണ് അവൾ സഹനമാണ്, സന്തോഷമാണ്. എന്നാൾ അവൻ അതറിയാതെ പോഴി.

"അമ്മേ ഇങ്ങോട്ടൊന്നു വരു." അപ്പുറത്തു നിന്നും മകന്റെ വിളി. 2 വർഷമായി പാർവ്വതി അമ്മയോട് മകൻ ജഗർനാഥൻ എന്തെങ്കിലും ഒന്ന് പറഞ്ഞിട്ട്. അമ്മയുടെ നെഞ്ചിൽ പെട്ടന്ന് സന്തോഷത്തിന്റെ ഒരു കോരിളക്കമുണ്ടായി. അമ്മ മറുപടിക്കായി ചോദിച്ചു. എന്താ മോനേ. അതു ചോദിച്ചപ്പോൾ അമ്മയുടെ ശബ്ദമൊന്നിടറി. ജഗർ നാഥൻ അമ്മയോട് നടുമുറ്റത്തേക്ക് ചെല്ലാനായി പറഞ്ഞു. നടുമുറ്റത്തെത്തിയപ്പോൾ ജഗർ നാഥൻ പറഞ്ഞു. "അമ്മേ, അമ്മയ്ക്കറിയാമല്ലൊ എനിക്ക്

പണത്തിനൊരുപാട് ആവശ്യമുണ്ടെന്ന്. അമ്മ എനിക്ക് സ്വത്തുക്കളെല്ലാം എഴുതി തരണം.”

പെട്ടെന്ന് പാർവ്വതി അമ്മ നടുങ്ങിപ്പോയി. അമ്മ പഴയ ഓർമ്മയിലേക്ക് മടങ്ങി. ജഗർനാഥന്റെ അച്ഛൻ നാരായണൻ മരിച്ചപ്പോൾ ജഗർനാഥനെ ഒരുപാട് കഷ്ടപ്പെട്ട് വളർത്തി ഇന്നീ നിലയിൽ എത്തിച്ചത്. പാർവ്വതി അമ്മയാണ്. അമ്മയെന്നാൽ മകന് വയങ്കര മതിപ്പായിരുന്നു. ഭാര്യയുടെ വരവോടെ മകൻ അമ്മയിൽ നിന്നും അകന്നു. അമ്മ പെട്ടന്ന് മകന്റെ വിളിയിൽ നിന്നും ഞെട്ടി യാഥാർത്ഥ്യമെന്തെന്ന് മനസ്സിലാക്കി പിന്നീട് അമ്മ ഒട്ടും മടിച്ചില്ല. മകൻ പറയുന്നിടത്ത് അമ്മ ഒപ്പിട്ടു നൽകി. പിന്നീട് അമ്മയുടെ ആവശ്യമില്ലെന്നു കണ്ട മകൻ അമ്മയെ ആ തറവാട്ടു വീട്ടിൽ നിന്നും പുറത്താക്കി. ഇതു കണ്ട തെങ്ങുകയറ്റക്കാരൻ നാണു അമ്മയുടെ അടുത്തേക്കി നീങ്ങി ആ കവിൾ തടത്തിലൂടെ കണ്ണുനീർ ഒരു പുഴയായി ഒഴുകി. നാണുവിന് അമ്മയില്ല. അമ്മയുടെ സ്നേഹം നാണുവിന് ഓർമ്മ മാത്രമാണ്. നാണു ചോദിച്ചു. “അമ്മേ എന്റെ കൂടെ വന്നാലും കഷ്ടപ്പെട്ടാണ് ഞാൻ ജീവിക്കുന്നത് എന്നാലും

ഇപ്പോഴും എനിക്ക് ഒരു ചാൺ വയറു നിറയ്ക്കാൻ കഴിയും.” ഇത് കേട്ടതും അമ്മ തേങ്ങികരയാൻ തുടങ്ങി. പിന്നീട് നാണു പാർവ്വതി അമ്മെയെയും കൊണ്ട് അയാളുടെ വീട്ടിലേക്ക് പോയി.

നാണു ഒരു ദിവസം ചോദിച്ചു. അമ്മേ അമ്മയ്ക്ക് അമ്മയുടെ മകന്റെ പേരിൽ കേസ് നൽകിക്കൂടെ? എന്നാൽ അതിന് അമ്മയുടെ മറുപടി മാതൃത്വത്തിന്റെ വെമ്പലായിരുന്നു. അമ്മ പറഞ്ഞു. “എത്രയൊക്കെ പറഞ്ഞാലും അവൻ എന്റെ മകനല്ലേ. ആരൊക്കെ പറഞ്ഞാലും ഞാനവന്റെ അമ്മയുമല്ലേ. അവൻ എപ്പോഴും സന്തോഷമായിരിക്കണം. അതു മാത്രമല്ല ഈ വയസ്സു കാലത്ത് നീയുണ്ടല്ലോ എനിക്ക് താങ്ങും തണലുമായി പിന്നെന്തിനാ മറ്റൊരു മകൻ.” അത് നാണുവിന്റെ മനസ്സിനെ പട്ടംപോലെ ഉർത്തി. പിന്നീട് അവർ സന്തോഷത്തോടെ ജീവിച്ചു.

എന്നാൽ ജഗർനാഥന് സ്വന്തം തെറ്റ് തിരിച്ചറിയാൻ ഒരുപാട് നാളുകൾ വേണ്ടി വന്നു. അപ്പോഴേക്കും അമ്മ ഒരു ഓർമ്മയായി മാറിക്കഴിഞ്ഞിരുന്നു.

അമ്മ ജഗത് മാതയാണ് അത് നാം മാറക്കരുത്. അമ്മ ദൈവികമായ ഒരു നാമമാണ് അതിന് നാം ഒരുപാട് മൂല്യം നൽകേണ്ടതായുണ്ട്.

Sandra suresh
9.B

# വാക്കും പ്രവർത്തിയും

ഒരു കുറുക്കനെ കൂട്ടുകാർ പിടിക്കാൻ ഓടിക്കുകയായിരുന്നു. ഓടി തളർന്ന കുറുക്കൻ ഒരു മരം വെട്ടുകാരനെ അഭയം  ചോദിച്ചു. 'അങ്ങന്നെ രക്ഷിക്കണം വേട്ടക്കാർ എന്നെ പിടികൂടാൻ പിറകെ വരികയാണ്.' കുറുക്കൻ അപേക്ഷിച്ചു നീ എൻറെ കുടിലിൽ കയറി ഒളിച്ചോളൂ, മരം വെട്ടുകാരൻ പറഞ്ഞു. കുറുക്കൻ കുടിലിൽ കയറി ഒളിച്ചിരുന്നു. തൊട്ടുപിറകെ വേട്ടക്കാർ അവിടെ എത്തി. അവർ മരംവെട്ടുകാരനോട് ചോദിച്ചു. 'ഹേ ഇതുവഴി ഒരു കുറുക്കൻ ഓടി പോകുന്നത് കണ്ടോ'  മരം വെട്ടുകാരന് കുറുക്കനെ വേട്ടക്കാർക്ക് കാട്ടിക്കൊടുക്കണം എന്ന തോന്നൽ ഉണ്ടായി. കാരണം കുറുക്കനെ കൊണ്ട് ഉപദ്വം അല്ലാതെ ഗുണം ഒന്നും ഇല്ലല്ലോ . പക്ഷേ കുറുക്കനെ അഭയം കൊടുത്തിരിക്കുന്നത് കൊണ്ട് അവനെ പിടികൂടാൻ നേരിട്ട് സഹായിക്കുന്നത് ശരിയല്ല എന്ന വിചാരവും അയാൾക്കുണ്ടായിരുന്നു. അതുകൊണ്ട് മരംവെട്ടുകാരൻ തൻറെ കുടിലിലേക്ക് കൈ ചൂണ്ടി കൊണ്ട് പറഞ്ഞു 'ഇതു വഴി ഒന്നും ഒരു കുറുക്കൻ

പോകുന്നത് ഞാൻ കണ്ടില്ലല്ലോ'. 'ഉറപ്പാണല്ലോ' വേട്ടക്കാർ വീണ്ടും ചോദിച്ചു. മരംവെട്ടുകാരൻ തൻറെ കുടിലിനു നേരെ വിരൽചൂണ്ടുന്നുണ്ടായിരുന്നു. വേട്ടക്കാർക്ക് മരംവെട്ടുകാരൻ ഉദ്ദേശിച്ചത് എന്താണെന്ന് മനസ്സിലായില്ല. എന്നാൽ അതെല്ലാം കണ്ടുകൊണ്ടിരുന്ന കുറുക്കന് മരംവെട്ടുകാരൻെ മനസ്സിലിരിപ്പ് പിടികിട്ടി. വേട്ടക്കാർ പോയതും കുറുക്കൻ കുടിലിൽ നിന്ന് പുറത്തിറങ്ങി ഒറ്റ ഓട്ടം ഇതാണ് പറയുന്നത് ആളുകൾ പറയുന്നത് പോലെയല്ല പ്രവർത്തിക്കുന്നത്.

Ardhra T K
8 C

# കാലം മറന്നു വച്ച ഓർമകൾ

ഒരു രാത്രിയിൽ ഇലകളെ തലോടുന്ന ഇളംകാറ്റും നിലാവിനോട് കഥ പറയുന്ന ചന്ദ്രനും ആകാശത്തേക്ക് നോക്കിയാൽ കണ്ണുചിമ്മി കാണിക്കുന്ന നക്ഷത്രങ്ങളെയും കണ്ടു ജനലിലൂടെ പുറത്തേക്ക് നോക്കി കൊണ്ടിരുന്നു. പെട്ടെന്ന് ഒരു ഇളം കാറ്റ് വീശി. എൻറെ മുടി ഇഴകൾ നിർത്താതെ പാറിക്കൊണ്ടിരുന്നു. രോമാഞ്ചങ്ങൾ എഴുന്നേറ്റ് നിന്ന് എന്നോട് എന്തോ മൊഴിയുന്നത് പോലെ തോന്നി. ഞാൻ എൻറെ കണ്ണുകൾ പതിയെ അടച്ചു. എൻറെ ചെറുപ്പകാലം മനസ്സിൽ തെളിയുന്നു.

ഒരു പത്തിരുപത്തിനാല് വർഷങ്ങൾക്കു മുമ്പ് ഓണത്തിന് അവധി കഴിഞ്ഞ് സ്കൂളിലേക്ക് . പത്ത് ദിവസത്തെ അവധി പെട്ടെന്ന് തീർന്ന നിരാശയും പരീക്ഷ പേപ്പർ കിട്ടി തുടങ്ങുന്ന വിഷമവും നെഞ്ചിലേറ്റി വീണ്ടും സ്കൂളിലേക്ക്. പത്ത് ദിവസത്തെ അവധിക്ക് ശേഷം ചങ്ങാതിമാരെ കണ്ടതിൽ സന്തോഷം.  ആ ഒത്തു ചേരലിൻ നിമിഷങ്ങൾ ഓണ വിശേഷങ്ങൾ പറയാൻ എല്ലാവർക്കും ഒരായിരം നാവുകൾ. അവസാനം എന്നോടും ചോദിച്ചു.

സന്തോഷത്തോടെ മറുപടി പറഞ്ഞു.  പറമ്പിൽ അച്ഛനമൊത്ത് ഒരു കറക്കം. എട്ടൻറെ കൈ പിടിച്ച നടന്ന ഉത്സവപ്പറമ്പുകൾ, പിന്നെ അമ്മ ഏത് നേരം ചീത്ത പറച്ചിൽ ആണെങ്കിലും എന്നോട് വലിയ സ്നേഹമാണ്. ഇതൊക്കെ കഴിഞ്ഞ് രാത്രിയിൽ മുത്തച്ഛനം മുത്തശ്ശിയും എല്ലാവരും ചേർന്നുള്ള കഥപറച്ചിൽ.  ഇതിനുപുറമേ ഓണവും വന്നു. പിന്നെ പറയേണ്ട കാര്യം, പായസം കഴിച്ചതും ഊഞ്ഞാലാടി യതും അത്തപ്പൂക്കളം ഇട്ടതും ഒക്കെ അങ്ങ് പറഞ്ഞു. അപ്പോഴേക്കും ബെല്ലടിച്ചു. ഇടയ്ക്കിടെ ടീച്ചർ വരുന്നോ എന്ന് എത്തി നോക്കുന്ന ഒരു ഫ്രണ്ട് എൻറെ ക്ലാസിലും ഉണ്ട് . പെട്ടെന്ന് ഫ്രണ്ട് പറഞ്ഞു ,'കണക്ക് ടീച്ചർ മാർക്കും കൊണ്ട് വരുന്നേ........'
സന്തോഷത്തിൽ ആറാടിയ ക്ലാസ് റൂം മരണവീട് പോലെയായി.  ടീച്ചർ പേര് വിളിച്ചുപറഞ്ഞു. പതിവുപോലെ കണക്കിന് പൊട്ടി. ഏതായാലും ഒരു ആശ്വാസം ഉണ്ട് എൻറെ ബെസ്റ്റ് ഫ്രണ്ട് ജയിച്ചു എന്നത് . ദേശീയഗാനം ചെല്ലുമ്പോൾ ബാക്കിൽ നിന്ന് ഒരുത്തൻ തോണ്ടും,  ഒരുത്തൻ രാജ്യ സ്നേഹം കൊണ്ട് മാറോട് കൈ ചേർത്ത് നിൽക്കും.  അത് കണ്ട്

ഞാനടക്കം എല്ലാവരും ചിരിക്കും.  സ്കൂൾ വിട്ടു നിർത്താതെയുള്ള ബെല്ലിൽ ഒരു ഓട്ടം. എന്നെയും കാത്ത് ഗേറ്റിന് പുറത്ത് നിൽപ്പുണ്ട് . ഇപ്പോൾ ആരെ മാവിൽ കല്ലെറിഞ്ഞു അതിൻറെ ഉടമസ്ഥരെ കണ്ട് പറയിപ്പിക്കുന്നത് അമ്മ ഏട്ടനെ തല്ലാൻ വേണ്ടി ഞാൻ ചെയ്ത കുരുത്തക്കേടുകൾക്ക് അമ്മ അടിക്കാൻ വരുമ്പോഴുള്ള ചിതറി ഓട്ടവും അതിനു പുറമേ അച്ഛൻറെ വക സമാധാനിപ്പിക്കലും. ഇതൊക്കെ കണ്ടു ഞാൻ മതിമറന്നു. കോരിത്തരിപ്പിക്കുന്ന മഴപെയ്തു പതിയെ കണ്ണുകൾ തുറന്നു. കമ്പിളിപ്പുതപ്പിൽ ഞാൻ ചുരുണ്ടുകൂടി കിടന്നു. തൊട്ടടുത്ത് പഴയകാലത്തെ ഫ്രണ്ട് കിടപ്പുണ്ട്. ഒരു വലിയ നിലയിൽ ഏതാനും ജീവിതത്തിലേക്ക് മുന്നോട്ടു കുതിപ്പിച്ച മാതാപിതാക്കളെക്കാളും ഏറെ പ്രോത്സാഹിപ്പിച്ചതും എൻറെ ഫ്രണ്ട് ആണ് . ചുരുങ്ങിയ പേരുടേയും ജീവിത കുതിപ്പിൽ വിജയം ഉണ്ടാക്കുക ഫ്രണ്ട്സ് ആണ് . അങ്ങനെ ഒരു ഫ്രണ്ടിനെ ആണ് എനിക്ക് കിട്ടിയത് ഞാൻ ദൈവത്തോട് നന്ദി പറയുന്നു.

Krishnapriya T C
9 B

# ആത്മവിശ്വാസം

ഉപരിപഠനത്തിനായി തിരുവനന്തപുരത്തേക്ക് തിരിച്ച അന്നവും അച്ഛനും പുലർച്ചെ നാലുമണിക്ക് തന്നെ അവിടെ എത്തി. ഒരു റൂം എടുത്ത് ഫ്രഷായി. ശേഷം കോളേജിലേക്ക് പോയി. എല്ലാവരിലും വളരെ പെട്ടെന്ന് തന്നെ പ്രശംസ പിടിച്ചുപറ്റും എങ്കിലും ആരും അവളെ ഉയർത്താൻ ശ്രമിക്കാറില്ല.  എന്തിനും ഏതിനും വീട്ടുകാർ മുന്നിട്ടിറങ്ങണം. ഇടത്തരം കുടുംബമായതിനാൽ ചില നേരങ്ങളിൽ പണത്തിന് ബുദ്ധിമുട്ടാവും. എന്നിരുന്നാൽക്കൂടിയും മക്കളുടെ ആവശ്യങ്ങൾക്ക് അച്ഛനമമ്മയും പ്രാധാന്യം നൽകാറുണ്ട് . പഠനത്തിലെ മികവു മാത്രമല്ല ചിത്രകലയിലും അവളിൽ നല്ല സ്വാധീനമുണ്ടായിരുന്നു. കോളേജിലെ എല്ലാ പരീക്ഷയിലും ഒന്നാമതോടെ പാസ്സായി. എന്നാൽ വീണ്ടും അവളിൽ പണം ഒരു വില്ലനായി വന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കാനുള്ള സാമ്പത്തികം ഇല്ലാത്തതിനാൽ അവൾക്ക് പഠനവും കൊണ്ട് വീട്ടിലേക്ക് തിരിക്കേണ്ടി വന്നു. ആത്മവിശ്വാസം നൽകിയ അച്ഛനും അമ്മയും ആണ് അവളെ ഉയർന്ന

നിലയിൽ ആക്കാൻ പരിശ്രമിച്ചത് . വീട്ടിലെ പഠനം കൊണ്ട് ഒന്നും ആകില്ല എന്ന് പലരും പറഞ്ഞു കൊണ്ടിരുന്നു. 'നീ നിന്നെയാണ് മനസ്സിലാക്കേണ്ടത് അല്ലാതെ മറ്റുള്ളവരുടെ വാക്കുകൾ അല്ല', അച്ഛൻ പറഞ്ഞു. ദൃഢനിശ്ചയവും ആത്മവിശ്വാസവും ദൈവാനുഗ്രഹവും ചേർന്ന് അവളിൽ ഒരു ഉയർച്ച ഉണ്ടായി.  കോളേജിൽ ക്ലാസിലിരുന്ന് പഠിക്കാതെ കൂട്ടുകാരിൽ പരിഹാസവും അധ്യാപകരിൽ ആശങ്കയുണ്ടായിരുന്ന അനു, കോളേജിൽ ഫസ്റ്റ് റാങ്കോടു കൂടി വിദേശ സർവകലാശാലയിലേക്ക് ഗവേഷണവുമായി പറന്നു.

Adithya P T
1o **B**

# തൊപ്പി വെച്ചാൽ

ഒരിടത്ത് ഒരു കാട്ടിൽ മിക്കൻ എന്ന് പേരുള്ള ഒരു കുരങ്ങൻ ഉണ്ടായിരുന്നു.അവൻ കാട്ടിൽ ഒരു മരക്കൊമ്പിൽ ഇരിക്കുമ്പോഴാണ് അതുവഴി ചിലർ കടന്നു പോകുന്നത് കണ്ടത്. ഒരാളുടെ തലയിൽ ഒരു തൊപ്പി ഉണ്ട് . അയാളുടെ പിന്നാലെ ബഹുമാനത്തോടെ രണ്ടുപേർ നടക്കുന്നു .മിക്കൻ ആലോചിച്ചു.തൊപ്പി വെച്ചാൽ എല്ലാവരും ബഹുമാനിക്കും, അത് തട്ടിയെടുക്കാം.

അത് മനുഷ്യരുടെ രാജാവാണെന്ന് മിക്കന് മനസ്സിലായില്ല . തലയിലെ തൊപ്പി കിരീടവും രാജാവിൻറെ അംഗരക്ഷകർ ആയിരുന്നു കൂടെ. മിക്കൻ കിരീടം വലിച്ചു ഊരി എടുത്ത് മരത്തിനു മുകളിലേക്ക് പാഞ്ഞു.  അടുത്ത നിമിഷം ഒരു അമ്പ് മൂളിപാഞ്ഞു വന്ന് മിക്കന് തൊട്ടടുത്ത് തറച്ചു. അംഗരക്ഷകർ അമ്പ് എയ്യുകയാണ് . പേടിച്ച് വിറച്ച മിക്കൻ തൊപ്പി താഴെയിട്ടു,  കിരീടം കിട്ടിയിട്ടും ഭടന്മാർ **അമ്പ്** തൊടുത്തപ്പോൾ രാജാവ് പറഞ്ഞു, 'വേണ്ട ആ

പാവത്തെ കൊല്ലണ്ട'. മിക്കൻ മരക്കൊമ്പിലിരുന്ന് നോക്കി അതാ രാജാവ് കുറച്ചകലെ ഒരു കുടിലിനു മുൻപിൽ ഇരിക്കുന്ന ഒരാളെ വണങ്ങുന്നു. രാജാവിനെ ഗുരുനാഥനായിരുന്നു. മിക്കൻ ആലോചിച്ച കുടിലിനു മുൻപിൽ ഇരിക്കുന്ന ആൾക്ക് തൊപ്പിയും ഇല്ല തിളങ്ങുന്ന ഉറപ്പുമില്ല എന്നിട്ട് എന്തിനാണ് അദ്ദേഹത്തെ വണങ്ങുന്നത് , വേഷം കൊണ്ട് മാത്രം മറ്റുള്ളവർ ബഹുമാനിക്കുകയില്ല എന്ന് മിക്കന് അതോടെ മനസ്സിലായി.

Nirajana K
8 A

# ഞാൻ വായിച്ച പുസ്തകം

ഓ പി അബ്ദുസ്സലാം മൗലവിയുടെ നങ്കുരം നഷ്ടപ്പെട്ടവർ എന്ന ചരിത്ര നോവൽ ആണ് ഞാൻ വായിച്ചത്. സിംബാവേ എന്നറിയപ്പെടുന്ന തെക്കൻ റൊഡേഷ്യയിലെ സ്വാതന്ത്ര്യ പോരാളികളുടെ ജീവിതത്തെ പറ്റിയാണ് ഈ നോവൽ. ജോർജ് കവേനി മാറിയ നീലി എന്നിവരാണ് ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ. കറുത്തവരും വെളുത്തവരും ഇടകലർന്ന് ജീവിക്കുന്ന വ്യവസ്ഥയിൽ മനുഷ്യർ അനുഭവിക്കുന്ന ചില നൈതിക പ്രതിസന്ധികളെക്കുറിച്ച് കൂടി നോവലിസ്റ്റ് സൂചിപ്പിക്കുന്നുണ്ട് . വെളുത്ത വർഗക്കാരിൽ നിന്നും സ്വാതന്ത്ര്യം ലഭിക്കാൻ വേണ്ടി കറുത്തവർ നയിക്കുന്ന ഒളി പോരാട്ടങ്ങളും അതിലൂടെ നാടുകടക്കേണ്ടി വരുന്ന അവസ്ഥകളും എല്ലാം ഈ നോവലിൽ അവതരിപ്പിക്കുന്നുണ്ട് . അവസാനം ഒളി പോരാളി ജോർജ് കവേനിയുടെ അന്ത്യമാണ് .

Tanha Mariyam
8A

# കൊച്ചു കുഞ്ഞിൻറെ അച്ഛൻ

കൊച്ചു കുഞ്ഞിൻറെഅച്ഛനൊരു
കച്ച വാങ്ങാൻ പോയി
കൊച്ചിയിലെ  കൊച്ചഴിയിൽ
തോണി മുങ്ങിപ്പോയി
കണ്ടിരുന്ന ചെമ്പരുന്ത്
റാഞ്ചിക്കൊണ്ടു പോയി
തെക്ക് തെക്ക്  തൈ മടയിൽ
കൊണ്ടുചെന്ന് വെച്ചു പോയി
കൊത്തി കൊത്തി തിന്നാൻ നേരം
കൊക്കൊടിഞ്ഞു പോയി

Ananya T
8C

# ഒച്ചമ്മാച്ചൻ

ഒച്ചമ്മാച്ചൻ  കൊച്ചീൽ പോയി

ഒത്തിരി നാളായി

അച്ചീം മകളും ഒപ്പം പോയി

എത്രനാളായി

പോയ വഴിക്ക് ഒരു വരെ ഉണ്ടാക്കി

പോയത് നന്നായി

വഴിതെറ്റാതെ തിരിച്ചുവരാനും

വരയത് നന്നായി.

Arya C
8C

# കേരള ചരിതം

പ്ല യം വന്നു
എല്ലാവരും ഒന്നായി
മതം ഇല്ലാതെ
ജാതി ഇല്ലാതെ
ഒരു കാമ്പിൽ
പരസ്പരം
 ശത്രുത ഇല്ലാതെ
പങ്കിട്ടുകഴിച്ചവർ
ഒന്നായി കൈകൾ കോർത്തിണങ്ങി നമ്മൾ
കേരളത്തിൽ മണ്ണിൽ മനുഷ്യർ കണ്ണുതുറന്നു
നമ്മൾ മരങ്ങളെ അറിഞ്ഞു
മഴയെ അറിഞ്ഞു
മണ്ണിൻറെ മണം അറിഞ്ഞു
ദുഃഖം അറിഞ്ഞു
അതിജീവനത്തിന് പുതുചരിത്രം അറിഞ്ഞു
അതിജീവനത്തിന് നേർക്കാഴ്ച ആരുമറിയാതെ
ആഗ്രഹിക്കുന്ന കേരളത്തിൻറെ നെഞ്ചിടിപ്പ്

Ajanya V P
8C

പ്രകൃതി ഒരു വരം



അർച്ചന.സി
VIII·C

Scanned by CamScanner


വയൽവരമ്പത്ത്......



ആർദ്ര·ടി·കെ
VIII - C
Roll no: 9.

Scanned by CamScanner


# അരുത്



അനുരുൽ രാജ്
VIII - C
Roll no:11

Scanned by CamScanner


# പ്രകൃതി



അവന്തിക.സി.ടി
VIII .C
Roll no: 12

Scanned by CamScanner

# പ്രകൃതി



- അനാമിക. C.T
VIII - C
Roll No: 6

Scanned by CamScanner

# ഭൂമിസംരക്ഷണം



നമുക്കൊരുമിച്ച് ഭൂമിയെ
സംരക്ഷിക്കാം ഇന്നേക്കും
എന്നേയ്ക്കും

Ananya.T
VIII-C
Roll=7

Scanned by CamScanner

പ്രകൃതി ഭംഗി



സംഗീത സജി
VIII C
Roll No: 20

Scanned by CamScanner

# പുഴക്കരയിലെ കാഴ്ച



– ശ്രേയ. കെ. എം.

VIII – C

Roll No: 21


Scanned by CamScanner




Scanned by CamScanner

# ലഹരിയെന്ന വിപത്ത്

[redacted] ഷാരൂഖാൻ 8C
Roll no=15



മണ്ണ് സംരക്ഷിക്കുക.



ദിൽഷാദ്ഹരി. എസ്
VIII. C
ക്രമനം: 13